بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 01.01.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഖുലഫാഉർ റാശിദീൻ :
## ഹദ്റത്ത് അലി(റ) (ഭാഗം-6)

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَ اَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۙ﴿۲﴾ الرَّحۡمٰنِ الرَّحِیۡمِ ۙ﴿۳﴾ مٰلِکِ یَوۡمِ الدِّیۡنِ ؕ﴿۴﴾ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ؕ﴿۵﴾

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۙ﴿۶﴾ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ﴿۷﴾

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ (അയ്യദഹുല്ലാഹ്) പറഞ്ഞു:

ഹദ്റത്ത് അലി(റ)നെ സംബന്ധിച്ചുള്ള അനുസ്മരണമാണ് നടന്നുവരുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്, ഹദ്റത്ത് അലിയുടെ ശഹാദത്തിന്റെ പശ്ചാത്തലം വിവരിച്ചുകൊണ്ട് പറയുന്നു; പ്രശ്നങ്ങൾ നല്ലതുപോലെ ഒതുങ്ങി തീർന്നിരുന്നില്ല. ഖവാരിജിലെ ഒരു വിഭാഗം കൂടിയാലോചന നടത്തി. ഈ ഫിത്നയെ എങ്ങനെയെങ്കിലും അകറ്റുകയും വലിയ വലിയ ആളുകളെ വധിക്കുകയും ചെയ്യേണ്ടതാണെന്ന് തീരുമാനിച്ചു. അങ്ങനെ അവരിലെ ധൈര്യശാലികളും യോദ്ധാക്കളുമായ ആളുകൾ ശപഥം ചെയ്തുകൊണ്ട് ഇറങ്ങി. അതായത് അവരിൽ നിന്ന് ഒരാൾ ഹദ്റത്ത് അലി (റ)നേയും ഒരാൾ ഹദ്റത്ത് മുആവിയേയും മറ്റൊരാൾ അംറ് ബിൻ ആസിനേയും ഒരേ ദിവസം ഒരേ സമയത്ത് വധിക്കാം എന്ന് പറഞ്ഞു. ഹദ്റത്ത് മുആവിയയുടെ അടുത്തേക്ക് പോയിരുന്ന ആൾ ഹദ്റത്ത് മുആവിയയെ ആക്രമിച്ചു. എന്നാൽ ഹദ്റത്ത് മുആവിയക്ക് നിസാര പരിക്കേറ്റു. ആ അക്രമി പിടിക്കപ്പെടുകയും പിന്നീട് വധിക്കപ്പെടുകയും ചെയ്തു. ഹദ്റത്ത് അംറ് ബിൻ ആസിനെ വധിക്കാൻ പോയ ആളും പരാജയപ്പെടുകയാണ് ഉണ്ടായത്. ഹദ്റത്ത് അലിയെ വധിക്കുന്നതിന് വേണ്ടി പുറപ്പെട്ട വ്യക്തി, ഹദ്റത്ത് അലി സുബഹി നമസ്കാരത്തിന്റെ സമയത്ത് എഴുന്നേൽക്കാൻ തുടങ്ങുകയായിരുന്നു, അപ്പോൾ അദ്ദേഹത്തെ ആക്രമിച്ചു. വളരെ ഭീകരമായ വിധത്തിൽ പരിക്കേൽപ്പിക്കുകയും ചെയ്തു. ഹദ്റത്ത് അലിയുടെ ശഹാദത്തിനെ സംബന്ധിച്ച് റസൂൽ തിരുമേനി(സ) പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. ഹദ്റത്ത് ഉബയ്ദുല്ലാഹ് നിവേദനം ചെയ്യുന്നു; തിരുനബി(സ) ഹദ്റത്ത് അലിയോട് പറഞ്ഞു; അല്ലയോ അലി!.... മുൻ കടന്നവരിൽ ഏറ്റവും ദുർഭഗനായ വ്യക്തി സ്വാലിഹിന്റെ ഒട്ടകത്തിന്റെ പിൻകാൽ വെട്ടിയവനായിരുന്നു. അല്ലയോ അലി! അവസാനം വരുന്നവരിൽ ഏറ്റവും ദുർഭഗനായ വ്യക്തി നിന്നെ കുന്തംകൊണ്ട് വീഴ്ത്തുന്നവനായിരിക്കും. തിരുനബി(സ) എവിടെയാണ് അദ്ദേഹത്തിന് കുന്തം ഏൽക്കുകയെന്ന് കാണിച്ചു കൊടുത്തു.

ഹദ്റത്ത് അലിയുടെ മരണം സമീപസ്ഥമായപ്പോൾ അദ്ദേഹം വസിയ്യത്ത് ചെയ്തു.

ബിസ്മില്ലാഹി റഹ്മാനിർറഹീം. ഇത് അലി ബിൻ അബീ ത്വാലിബിന്റെ വസിയ്യത്താകുന്നു. ഞാൻ സാക്ഷ്യം വഹിക്കുന്നു, അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ ഏകനാകുന്നു. അവന് യാതൊരു പങ്കുകാരനുമില്ല. മുഹമ്മദ്(സ) അവന്റെ ദാസനും ദൂതനുമാകുന്നു. അല്ലയോ ഹസൻ! ഞാൻ നിന്നോടും എല്ലാ മക്കളോടും എല്ലാ കുടുംബക്കാരോടും അല്ലാഹുവിനെ ഭയപ്പെട്ട് കൊണ്ട് കഴിയുന്നതിനെക്കുറിച്ച് വസിയ്യത്ത് ചെയ്യുകയാണ്. അവൻ നിങ്ങളുടെ പരിപാലകനാകുന്നു. നിങ്ങൾ ഇസ്‌ലാമികമായ അവസ്ഥയിൽ തന്നെ ഈ ലോകത്ത് നിന്ന് പിരിഞ്ഞു പോകേണ്ടതാണ്. നിങ്ങൾ എല്ലാവരും ഒരുമിച്ച് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. പരസ്പരം ഭിന്നിക്കരുത്. കാരണം ഞാൻ അബ്ബുൽ ഖാസിം(സ) പറയുന്നതായി കേട്ടിരിക്കുന്നു; പരസ്പര ബന്ധങ്ങൾ നന്നാക്കാൻ ശ്രമിക്കുന്നത്, നോമ്പ് എടുക്കുന്നതിനും നഫൽ നമസ്കരിക്കുന്നതിനേക്കാളും എത്രയോ നല്ലതാകുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇത് വളരെ പ്രധാന സംഗതിയാണ്. എല്ലാവരും ഓർമ വയ്ക്കേണ്ടതാണ്. പരസ്പരബന്ധങ്ങളെ നല്ല രീതിയിൽ നിലനിർത്തുന്നതിനു വേണ്ടി ചെയ്യുന്ന കർമ്മങ്ങൾ നോമ്പെടുക്കുന്നതിനേക്കാളും നഫൽ നമസ്കരിക്കുന്നതിനേക്കാളും ഉത്തമമാകുന്നു. നിങ്ങൾ നിങ്ങളുടെ കുടുംബക്കാരെ ശ്രദ്ധിക്കേണ്ടതാണ്. അവരുമായി നല്ല രീതിയിൽ വർത്തിക്കേണ്ടതാണ്. അല്ലാഹു നിങ്ങളുടെ കണക്കുകൾ എപ്പോഴും നന്നാക്കട്ടെ. അനാഥരെ സംബന്ധിച്ചും അല്ലാഹുവിനെ ഭയപ്പെടുക. അയൽവാസികളെ സംബന്ധിച്ചും അല്ലാഹുവിനെ ഭയപ്പെടുക. കാരണം നിങ്ങളുടെ നബി(സ) അവരെ സംബന്ധിച്ച് വസിയ്യത്ത് ചെയ്തിട്ടുണ്ട്. നമസ്കാരത്തിന്റെ കാര്യത്തിലും അല്ലാഹുവിനെ ഭയപ്പെടുക. അത് നിങ്ങളുടെ ദീനിന്റെ സ്തംഭമാകുന്നു. അല്ലാഹുവിന്റെ ഭവനത്തെ സംബന്ധിച്ചും അല്ലാഹുവിനെ ഭയപ്പെടുക. ജീവിതത്തിന് മുഴുവനുമായി അതിനെ ഒഴിവാക്കരുത്. കാരണം അത് ശൂന്യമായാൽ പിന്നീട് അതുപോലുള്ള ഒരു വീട് നിങ്ങൾക്ക് ലഭ്യമാകുന്നതല്ല. നിങ്ങളുടെ ജീവനും സമ്പത്തും കൊണ്ട് ജിഹാദ് ചെയ്യുക. സക്കാത്തിനെ സംബന്ധിച്ചും അല്ലാഹു

വിനെ ഭയപ്പെടുക. കാരണം ഇത് അല്ലാഹുവിന്റെ കോപത്തെ ഇല്ലാതാക്കുന്നു. ദരിദ്രരെയും അഗതികളെയും സംബന്ധിച്ച് അല്ലാഹുവിനെ ഭയപ്പെടുക. അവരെയും താങ്കളുടെ ജീവിതവിഭവങ്ങളിൽ ഭാഗഭാക്കാക്കുക. നമസ്കാരം സംരക്ഷിക്കുക. അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി ഏതെങ്കിലും ആക്ഷേപം പറയുന്നവനെ ഭയപ്പെട്ടു പോകരുത്. അല്ലാഹുവിന്റെ പ്രീതി ആയിരിക്കണം എപ്പോഴും മുന്നിൽ ഉണ്ടാക്കേണ്ടത്. ജനങ്ങളോട് നന്മ പറയുക. അല്ലാഹു ഉപദേശിച്ചത് പോലെ. നന്മ ഉപദേശിക്കുന്നതും തിന്മ വിലക്കുന്നതും ഒഴിവാക്കരുത്. അല്ലാത്ത പക്ഷം നിങ്ങളിൽ മോശക്കാരായവർ നിങ്ങളുടെ അധികാരസ്ഥരാകുന്നതാണ്. പിന്നീട് നിങ്ങൾ ദുആ ചെയ്യുമ്പോൾ നിങ്ങളുടെ ദുആകൾ സ്വീകരിക്കപ്പെടുന്നതല്ല. ഓർക്കുക! നിങ്ങൾ പരസ്പരം ശത്രുത വളർത്തരുത്. ബന്ധങ്ങൾ വിഛേദിക്കുകയുമരുത്. ഭിന്നിപ്പിലാകരുത്. നന്മയുടെയും ദൈവത്തിന്റേയും കാര്യത്തിൽ പരസ്പരം സഹകരിക്കുക. തിന്മയിലും വെറുപ്പിലും പരസ്പരം സഹകരിക്കരുത്. അല്ലാഹുവിനോടുള്ള ഭയഭക്തി സ്വായത്തമാക്കുക. തീർച്ചയായും അല്ലാഹു വളരെ ശക്തമായി ശിക്ഷിക്കുന്നവനാകുന്നു.

ഹദ്റത്ത് അലി ബിൻ അബീത്വാലിബ് വഫാത്തായപ്പോൾ ഹദ്റത്ത് ഹസൻ ബിൻ അലി മിമ്പറിൽ കയറിക്കൊണ്ട് പറഞ്ഞു: ജനങ്ങളെ! ഇന്നത്തെ രാത്രിയിൽ വഫാത്തായ വ്യക്തിയെ മുൻകടക്കാൻ മുമ്പുള്ള ആർക്കും തന്നെ കഴിഞ്ഞിട്ടില്ല. ഇനി വരാനിരിക്കുന്ന ആർക്കും ആ പദവി കരസ്ഥമാക്കാൻ കഴിയുന്നതുമല്ല. ആ സ്ഥാനത്ത് എത്തുവാനും സാധ്യമല്ല. റസൂൽകരീം(സ) അദ്ദേഹത്തെ ഏതെങ്കിലും സൈന്യത്തിൽ അയക്കുമ്പോൾ ജിബ്രീൽ അദ്ദേഹത്തിന്റെ വലതുഭാഗത്തും മിഖായീൽ അദ്ദേഹത്തിന്റെ ഇടതുഭാഗത്തും ഉണ്ടാകുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ കൈകളിൽ വിജയം നൽകാതെ അദ്ദേഹത്തിന് തിരിച്ചു വരേണ്ടതായി വന്നിട്ടില്ല. അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലഘട്ടം, 4 വർഷവും എട്ടരമാസവും ആയിരുന്നു.

ഹദ്റത്ത് അലി വ്യത്യസ്തസമയങ്ങളിലായി 8 വിവാഹങ്ങൾ കഴിച്ചിട്ടുണ്ട്. ഇവരിൽ നിന്ന് അദ്ദേഹത്തിന് ഒരുപാട് മക്കൾ ഉണ്ടായിട്ടുണ്ട്. അവരുടെ എണ്ണത്തെ സംബന്ധിച്ച് മുപ്പതിലധികം എന്ന് പറയപ്പെടുന്നു.

ഹദ്റത്ത് ആയിശ വിവരിക്കുന്നു: നബി(സ)ന് ജനങ്ങളിൽവെച്ച് ഏറ്റവും പ്രിയങ്കരമായവർ ഹദ്റത്ത് ഫാത്വിമയും ഹദ്റത്ത് അലിയുമാകുന്നു. ഹദ്റത്ത് സഅലബ ബിൻ അബൂമാലിക് നിവേദനം ചെയ്യുന്നു: എല്ലാ യുദ്ധമൈതാനത്തും ഹദ്റത്ത് അലി ബിൻ അബീത്വാലിബ് കൊടി ഏറ്റെടുക്കുമായിരുന്നു. ഹദ്റത്ത് ഇബ്നു അബ്ബാസ് വിവരിക്കുന്നു: റസൂലുല്ലാഹ്(സ) ഹദ്റത്ത് അലിയോട് പറഞ്ഞു: നീ എന്റെ സഹോദരനും എന്റെ സുഹൃത്തുമാകുന്നു.

ഹദ്റത്ത് അനസ് നിവേദനം ചെയ്യുന്നു: റസൂൽ തിരുമേനി(സ) പറഞ്ഞു; സ്വർഗ്ഗം മൂന്ന് ആളുകളെ വളരെയധികം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. അവർ അലി, അമ്മാർ, സൽമാൻ എന്നിവരാകുന്നു.

തിരുനബി(സ) പറഞ്ഞു: സ്വർഗ്ഗത്തിൽ ഞാൻ ഏതൊരു അവസ്ഥയിലാണ് ഉള്ളത് അതിൽ ഹദ്റത്ത് അലിയും ഫാത്വിമയുമുണ്ട്. ഹദ്റത്ത് അലി അശ്റ മുബശ്ശറയിൽ ഉൾപ്പെടുന്നു. അതായത് തിരുനബി(സ)ന്റെ വിശുദ്ധ അധരത്തിലൂടെ ഈ ലോകത്ത് വെച്ച്തന്നെ സ്വർഗ്ഗസ്ഥരാണെന്ന് സന്തോഷവാർത്ത ലഭിച്ച 10 ആളുകൾ. ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഈ സമയത്ത് ഞാൻ മറ്റൊരുകാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. ഇന്ന് പുതുവർഷത്തിന്റെ ആദ്യത്തെ ദിവസമാകുന്നു. ആദ്യത്തെ ജുമുഅ ആകുന്നു. ദുആ ചെയ്യുക. അല്ലാഹു ഈ വർഷം ജമാഅത്തിനും ലോകത്തിനും മനുഷ്യത്വത്തിനും അനുഗ്രഹീതമാക്കിതീർക്കട്ടെ. നാം നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റികൊണ്ട് നേരത്തേതിലും ഉപരി അല്ലാഹുവിലേക്ക് കുനിയുന്നവരും തങ്ങളുടെ ഇബാദത്തുകളുടെ നിലവാരങ്ങൾ ഉയർത്തുന്നവരുമായിത്തീരട്ടെ. ഭൗതീകരായ ആളുകളും തങ്ങളുടെ ജീവിത ലക്ഷ്യം മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിന്റെ കടമകൾ നിർവഹിക്കുന്നവരായിതീരട്ടെ. പരസ്പരം അവകാശങ്ങൾ ധ്വംസിക്കുന്നതിനു പകരം അല്ലാഹുവിന്റെ കൽപ്പനകൾ നിറവേറ്റികൊണ്ട് പരസ്പരം അവകാശങ്ങൾ നൽകുന്നവരായിത്തീരട്ടെ. അതല്ലെങ്കിൽ അല്ലാഹുവിനും അവന്റേതായ രീതിയിൽ ഭൗതീകരായ ആളുകളെ അവരുടെ ഉത്തരവാദിത്വങ്ങളിലേക്ക് ശ്രദ്ധ ചെലുത്താൻ അറിയാം. നമ്മളും ലോകത്തുള്ള എല്ലാ ആളുകളും ഈ പ്രധാന സംഗതി മനസ്സിലാക്കുകയാണെങ്കിൽ എത്ര നന്നായിരുന്നു. അങ്ങനെ നമുക്ക് ഇഹലോകവും പരലോകവും സുന്ദരമാക്കി തീർക്കാൻ കഴിയുന്നതുമാണ്. ഏതാനും മാസങ്ങൾക്ക് മുമ്പ് ഞാൻ ഒരു പാട് രാഷ്ട്രനേതാക്കന്മാർക്ക് ഈ കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് കത്തുകൾ അയച്ചിട്ടുണ്ടായിരുന്നു. കോവിഡിനെ ഉദ്ധരിച്ചുകൊണ്ട് മനസ്സിലാക്കി കൊടുക്കാൻ ശ്രമിച്ചിട്ടുണ്ടായിരുന്നു. ഈ ആപത്ത് അല്ലാഹുവിനോടുള്ള തങ്ങളുടെ ഉത്തരവാദിത്വങ്ങളും കടമകളും മറക്കുമ്പോൾ, അവ ചെയ്യാതാകുമ്പോൾ, അതുപോലെ അക്രമം വർധിക്കുന്നത് കാരണമാണ് വന്നത്. അതിനാൽ അതിലേക്ക് ശ്രദ്ധിക്കുകയെന്നും പറഞ്ഞിരുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഈ രോഗം കാരണം വ്യക്തിപരമായ രീതിയിൽ മാത്രമല്ല, ഒരോരുത്തരും സാമ്പത്തിക നിലയിലും ബലഹീനരായി കൊണ്ടിരിക്കുകയാണ്. മാത്രമല്ല വലിയ വലിയ ധനിക രാഷ്ട്രങ്ങളുടെ സാമ്പത്തിക അവസ്ഥകളും കൂപ്പുകുത്തി കൊണ്ടിരിക്കുകയാണ്. ഭൗതികരായ ആളുടെ പക്കൽ ഇതിന് ഒരേയൊരു പരിഹാരമാർഗമേ ഉള്ളൂ. ഇങ്ങനത്തെ അവസ്ഥകൾ ഉണ്ടാകുമ്പോൾ സാമ്പത്തിക അവസ്ഥ മോശമാകുമ്പോൾ, നശിക്കുമ്പോൾ ചെറിയ രാഷ്ട്രങ്ങളുടെ സമ്പത്ത് കയ്യേറുക. അതിനു വേണ്ടി ബ്ലോക്ക് ഉണ്ടാകുന്നു. ഉണ്ടായികൊണ്ടിരിക്കുകയും ചെയ്യുന്നു. ശീതയുദ്ധം വീണ്ടും ഉണ്ടാകുന്നതാണ്. ഇപ്പോൾ പറയുന്നത് ഒരു നിലയ്ക്ക് അത് തുടങ്ങിയിരിക്കുന്നു എന്നാണ്.

യഥാർത്ഥ ആയുധങ്ങളുമായുള്ള യുദ്ധം ഉണ്ടാവുന്നതും ഒരിക്കലും തന്നെ വിദൂരമാണെന്ന് തോന്നുന്നില്ല. അതു വളരെ ഭയാനകമായ യുദ്ധമായിരിക്കും. അതുകൊണ്ടു തന്നെ ലോകം ഈയൊരവസ്ഥയിൽ എത്തുന്നതിന് മുമ്പ് തന്നെ നമ്മൾ നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റികൊണ്ട് ലോകത്തെ ജാഗ്രതപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ വർഷം ആശംസകളുടെ വർഷമായിതീരണമെങ്കിൽ നാം നമ്മുടെ ഉത്തരവാദിത്വങ്ങൾ ശരിയായ രീതിയിൽ നിറവേറ്റുന്നവരായി മാറണം. ഓരോ അഹ്മദിയും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. തനിക്കുമേൽ എത്ര ഭാരിച്ച ഉത്തരവാദിത്വമാണ്ഏൽപ്പിക്കപ്പെട്ടിരിക്കുന്നതെന്ന്. അത് പൂർത്തിയാക്കുന്നതിന് വേണ്ടി ആദ്യം തങ്ങൾക്കുള്ളിൽ സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും അന്തരീക്ഷം ഉണ്ടാക്കേണ്ടതായി വരും. പിന്നീട് മുഹമ്മദ് നബി(സ) ഉയർത്തിയ ആ കൊടിക്കീഴിൽ നാം ലോകത്തെ കൊണ്ടുവരേണ്ടതാണ്. അത് അല്ലാഹുവിന്റെ തൗഹീദിന്റെ കൊടിയാകുന്നു. അപ്പോൾ മാത്രമേ നമുക്ക് നമ്മുടെ ബയ്അത്തിന്റെ ലക്ഷ്യത്തിൽ വിജയിക്കാൻ സാധിക്കുകയുള്ളൂ. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഓരോ അഹ്മദി സ്ത്രീയും പുരുഷനും യുവാവും കുട്ടിയും വൃദ്ധനും ഈ കാര്യം മനസ്സിലാക്കികൊണ്ട്, ഈ വർഷം ഞാൻ ലോകത്ത് ഒരു വിപ്ലവമുണ്ടാക്കുന്ന വേണ്ടി എന്റെ എല്ലാ കഴിവുകളും ഉപയോഗിക്കുന്നതാണെന്ന് ശപഥം ചെയ്യുക. അല്ലാഹു എല്ലാ ഒരോ അഹ്മദിക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇന്ന് പാകിസ്ഥാനിലെ അഹ്മദികൾക്കും അതുപോലെ തന്നെ അൽജീരിയയിലെ അഹ്മദികൾക്ക് വേണ്ടിയും പ്രത്യേകമായി നിങ്ങളുടെ ദുആകളിൽ ഓർക്കുക. പാകിസ്ഥാനിലെ ചില സ്ഥലങ്ങളിൽ ചില മൗലവിമാരും സർക്കാർ ഉദ്യോഗസ്ഥന്മാരും അക്രമം ചെയ്തു കൊണ്ടിരിക്കുകയാണ്. അല്ലാഹു ഇസ്ലാഹ് സാധ്യമല്ലാത്ത ആളുകളെ എത്രയും പെട്ടെന്ന് പിടികൂടുമാറാകട്ടെ. തീർച്ചയായും അവന്റെ സഹായം വരുന്നതാണ്. തീർച്ചയായും വരുന്നതാണ്. ആ സമയത്ത് ഈ ഭൗതികരായ ആളുകൾ തങ്ങളുടെ നിഗമനത്തിൽ അധികാരവും അതുപോലെതന്നെ സമ്പത്തുമുണ്ടെന്ന് കരുതുന്നവർ, അവരുടെ പൊടിപോലും കാണുന്നതല്ല. അതുകൊണ്ട് നമ്മുടെ കർത്തവ്യം ദുആകൾ മുഖേന തങ്ങളുടെ ഇബാദത്തുകളെ കൂടുതൽ നന്നാക്കിതീർക്കുകയാണ്. നാം ഇത് ചെയ്യുകയാണെങ്കിൽ നാം തന്നെയാണ് വിജയിക്കുക.

മനുഷ്യൻ മനുഷ്യത്വത്തിന്റെ വിലകൾ മനസ്സിലാക്കിതീരുമ്പോഴാണ്,നമുക്ക് സന്തോഷങ്ങൾ ഉണ്ടാകുന്നത്. പരസ്പരമുള്ള വെറുപ്പുകൾ സ്നേഹമായി മാറുമ്പോഴാണ്, അത് ഉണ്ടാകുന്നത്. അല്ലാഹു ഈ സന്തോഷത്തിനുള്ള സാഹചര്യങ്ങൾ നമുക്ക് എത്രയും പെട്ടെന്ന് ഉണ്ടാക്കിത്തരുമാറാകട്ടെ. വാഗ്ദത്ത മഹ്ദി മസീഹിനെ മനസ്സിലാക്കുന്നതിന് മുസ്‌ലിം ഉമ്മത്തിനും അല്ലാഹു ബുദ്ധി നൽകുമാറാകട്ടെ. അല്ലാഹുവിന്റേയും അവന്റെ അടിയാറുകളുടേയും അവകാശങ്ങൾ നൽകുന്നതിനുവേണ്ടി ഈ ലോകത്തിനും അല്ലാഹു ബുദ്ധി നൽകുമാറാകട്ടെ. അല്ലാഹു എല്ലാ രാജ്യത്തുള്ള അഹ്മദികളുടേയും സഹായകനും സംരക്ഷകനുമായിതീരുമാറാകട്ടെ. ഈ വർഷം എല്ലാ അഹ്മദികൾക്കും എല്ലാ മനുഷ്യർക്കും റഹ്മത്തുകൾക്കും ബർക്കത്തുകൾക്കും നിദാനമാകുന്ന ഒരു വർഷമായി തീരുമാറാകട്ടെ. നമ്മളിൽ വന്നിട്ടുള്ള കുറവുകളും കുറ്റങ്ങളും അതായത് കഴിഞ്ഞ വർഷം ഉണ്ടായത്, അല്ലാഹുവിന്റെ നീരസത്തിന് കാരണമായിത്തീർന്ന, അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ നിന്ന് നമ്മെ മാറ്റി നിർത്തിയതിന് കാരണമായിത്തീർന്ന, കഴിഞ്ഞ വർഷം ഉണ്ടായ നമ്മുടെ കുറ്റങ്ങളും കുറവുകളും എല്ലാറ്റിൽ നിന്നും അല്ലാഹു നമ്മെ രക്ഷിക്കുമാറാകട്ടെ. തന്റെ അനുഗ്രഹങ്ങളുടെയും സമ്മാനങ്ങളുടെയും അവകാശികളാക്കട്ടെ. നമ്മെ യഥാർഥ വിശ്വാസികൾ ആക്കുമാറാകട്ടെ. അല്ലാഹു നമുക്ക് ദുആകൾക്കുള്ള തൗഫീഖും നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُوْمِنُ بِہٖ وَ نَتَوَکَّلُ
عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ
یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَ یَنْھٰی
عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 01.01.2021
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516